ഞാനനുനിമിഷം ജീവിതവീഥിയി—
ലൂടെ നടന്നും വീഴ്ചകൾ വിട്ടും
മാനസവീണയിലുത് കടമോദം
കവിതാതന്തികൾ മീട്ടിപ്പാടിയു—
മൂന്നംകൂടാതെന്നുടെ കഴിവുകൾ
സകലംകൊണ്ടും പൊരുതുകയത്രേ;
പേലവജീവിതമാണെന്നെതിരേ
കണ്ണുമിഴിക്കുമരാതിപ്രവരൻ.
ഞങ്ങൾ ചിലപ്പോൾ ശണ്ഠയടിക്കു,—
മതാരും വ്യാഖ്യാനിച്ചീടൊല്ലേ
തിങ്ങിയ ജീവിതദ്വേഷമതെന്നായ്,—
സത്യമതിൽനിന്നേറെ വിഭിന്നം!
ഇസ്സമരത്തിൽജ്ജീവിതമിവനെ—
സ്സകലംശകലമതാക്കിയെറിഞ്ഞാൽ
ദുസ്സഹദുഃഖംകൊണ്ടു പിടയ്ക്കാ;
സ്നേഹോദാരസ്മരണകൾ മാത്രം!
ആയസമുഷ്ടികൾകൊണ്ടു മനുഷ്യനെ
ഞെക്കിഞെരുക്കും ജീവിതമെങ്കിലു-
മായുസ്സുള്ളന്നും ഞാനതിനുടെ
മാധുരി പാനംചെയ്തു രസിക്കും.
ഇണ്ടലിയററുംപടിയാരാനും
എൻ കണ്ഠത്തിൽക്കയറും ചുററി